2014 മാർച്ച് 3 തിങ്കൾ

1189

കുംഭം 19

# കേദാരം

പുളിയനം ഗവ. ഹയർസെക്കന്ററി സ്കൂൾ പുറത്തിറക്കുന്ന പത്രം

1

## അക്ഷരങ്ങൾക്കൊപ്പം കൃഷിയും ഒരുക്കി പുളിയനം ഹയർസെക്കന്ററി സ്കൂൾ







പുളിയനം : അക്ഷരങ്ങൾ മാത്രമല്ല കൃഷിയും ഞങ്ങൾക്ക് വഴങ്ങുമെന്ന് തെളിയിച്ചിരിക്കുകയാണ് പുളിയനം ഗവ.ഹയർസെക്കന്ററി സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയേഴ്സ്. 86 സെന്റ് പാടത്ത് നെൽകൃഷി നടത്തി 850 കി.ഗ്രാം നെല്ല് ലഭിച്ചു. പുളിയനം പാരണി പാടത്താണ് കുട്ടികൾ കൃഷിയിറക്കിയത്. കഴിഞ്ഞ വർഷം 46 സെന്റ് കൃഷിയിറക്കിയിരുന്നു. ഇതു വിജയം കണ്ടതോടെയാണ് ഈ വർഷം കൂടുതൽ സ്ഥലത്ത് കൃഷിയിറക്കിയത്. ജൂൺ 19 -നാണ് കുട്ടികൾ കൃഷിയിറക്കിയത്. കളപറിക്കലും കൃഷിപരിപാലനവുമെല്ലാം കുട്ടികൾ തന്നെ ചെയ്തു.കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തത് ബഹു. MLA അഡ്വ. ജോസ് തെറ്റയിൽ അണ്. തരിശു കിടന്ന പാടത്ത് കൃഷിയിറക്കിക്കൊണ്ട് വോളണ്ടിയേഴ്സ് ഗ്രാമത്തിനു തന്നെ മാതൃകയാകുകയായിരുന്നു. NSS വോളണ്ടിയേഴ്സിന്റെ പരിശ്രമഫലമായി സ്കൂളിനോട് ചേർന്ന് 30 സെന്റ് സ്ഥലത്ത് വാഴയും പയറും ചീരയുമെല്ലാം വിളഞ്ഞു.

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് NSS വോളണ്ടിയേഴ്സ് അമ്പത് മരങ്ങൾ സ്കൂൾ ക്യാമ്പസിൽ നട്ടു പിടിപ്പിച്ചു. എല്ലാ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുകൊണ്ട് സെമിനാർ സംഘടിപ്പിച്ചു. സ്ലൈഡ് പ്രദർശനവും നടത്തി. ലോകജനസംഖ്യാദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരവും സെമിനാറു സംഘടിപ്പിച്ചു.സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി NSS വോളണ്ടിയേഴ്സ് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുകയും സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുകയും ചെയ്തു.

വയോജനദിനം NSS -ന്റെ ആഭിമുഖ്യത്തിൽ ആചരിച്ചു. 38 മാതാപിതാക്കളെ സ്കൂളിൽ വിളിച്ച് ആദരിച്ചു. വയോജനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിച്ചു. മലയാളം -ഭാഷയും സംസ്ക്കാരവും എന്ന വിഷയത്തെക്കുറിച്ച് ഒരു സംവാദ സദസ്സ് സംഘടിപ്പിച്ചു.ഡോ.എസ്.കെ വസന്തൻ , പ്രൊഫ.എം.തോമസ് മാത്യു എന്നിവർ സംസാരിച്ചു.

## പൂർവ്വവിദ്യാർത്ഥികളുടെ സമർപ്പണമായി ഒരു ഓഡിറ്റോറിയം



പൂർവ്വവിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ നിർമ്മിച്ച ഓഡിറ്റോറിയം

പുളിയനം : പുളിയനം ഗവ.ഹയർസെക്കന്ററി സ്കൂളിൽ പൂർവ്വവിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തത്തോടെ 25 ലക്ഷം രൂപ മുതൽമുടക്കി നിർമ്മിച്ച ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനവും സമർപ്പണവും 2014 ഫെബ്രുവരി 9-ന് സ്കൂൾ അങ്കണത്തിൽ വച്ച് നടത്തി. പ്രശസ്ത സാഹിത്യകാരൻ ശ്രീ.സിപ്പി പള്ളിപ്പുറം ഉദ്ഘാടനം നിർവ്വഹിച്ചു. പൂർവ്വവിദ്യാർത്ഥി സംഘടന പ്രസിഡന്റ് ഡോ.എം.എൻ.രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സാമൂഹിക, സാംസ്ക്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു.

ഉദ്ഘാടനത്തോടനുബന്ധിച്ച് പൂർവ്വഅധ്യാപകരെ ആദരിക്കുകയും തുടർന്ന് പൂർവ്വവിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയായ ശ്രീ. പുളിയനം പൗലോസ് രചനയും സംവിധാനവും നിർവ്വഹിച്ച കൊടിമരം എന്ന നാടകം പൂർവ്വവിദ്യാർത്ഥികൾ അവതരിപ്പിച്ചു.

## പുളിയനം സ്കൂളിന് പുതിയ കെട്ടിടവും നവീകരിച്ച അടുക്കളയും



ബഹു. MLA അഡ്വ. ജോസ് തെറ്റയിലിന്റെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടം

പുളിയനം : പുളിയനം ഗവ.ഹയർസെക്കന്ററി സ്കൂളിന് ബഹു. MLA അഡ്വ. ജോസ് തെറ്റയിലിന്റെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് 40 ലക്ഷം രൂപ ചിലവിട്ട് ഒരു പുതിയ കെട്ടിടം നിർമ്മിച്ചു.

ജില്ലാപഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപ ചിലവിട്ട് ആധുനിക സൗകര്യങ്ങളോടെ ഒരു അടുക്കള സ്കൂളിൽ നിർമ്മിക്കുകയും 50 ലക്ഷം രൂപ ഉപയോഗിച്ച് ഹയർസെക്കന്ററിക്ക് പുതിയ കെട്ടിടത്തിന്റെ പണിയും ആരംഭിച്ചു.

ഏറ്റവും മിതമായ നിരക്കിൽ ഗുണമേന്മയുള്ള ഇലക്ട്രിക്കൽ, പ്ലംബിംഗ് സാനിറ്ററീസ്, ഹാർഡ് വെയർ ഐറ്റംസ് ലഭിക്കുന്നതിന് സന്ദർശിക്കുക



Electro plus

എല്ലാവിധ വയറിംഗ്, പ്ലംബിംഗ് വർക്കുകൾ ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നു.

Near Govt. Higher Secondary School
Manakkapadi Junction, Puliyanam.
9400970253, 8589893085, 9744153104

ആശംസകളോടെ ......

ചിറയ്ക്കൽ

ടെക്സ്റ്റൈൽസ് , ടെയ്ലറിംഗ്
&
ഗോൾഡ് കവറിംഗ് ആഭരണങ്ങൾ







പുളിയനം ഹയർസെക്കന്ററി സ്കൂളിന് സമീപം & പുളിയനം ജംഗ്ഷൻ



ആശംസകളോടെ ......

ശ്രീകൃഷ്ണ

ടെയ്ലറിംഗ് & ടെക്സ്റ്റയിൽസ്

പാലിശ്ശേരി, അന്നമനട

പരിചയ സമ്പന്നരായ വനിത തയ്യൽക്കാരെ ആവശ്യമുണ്ട്.

Mob : 9496367008
Res : 0480 2770032